"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -കായിക യുവജനകാര്യ വകുപ്പ് - കേരളോത്സവം 2019 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1783/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/08/2019

പരാമർശം:- 1. 20.7.2018ലെ സ.ഉ.(സാധാ)നമ്പർ 1972/2018/തസ്വഭവ.

2.കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 27/05/2019 ലെ റ്റി2-14616/19/വൈ.ഡബ്ല്യൂബി നമ്പർ കത്ത്.

ഉത്തരവ്

കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ കലാകായിക സാഹിത്യ കാർഷിക രംഗങ്ങളിലെ നൈപുണ്യം പരിപോഷിപ്പിയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന പദ്ധതിയായ കേരളോത്സവം പദ്ധതിയുടെ 2018ന്റെ നടത്തിപ്പിനായി പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ തുക വിനിയോഗിക്കുന്നതിനായി യഥേഷ്ടാനുമതി നല്കി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, പ്രളയം കാരണം കഴിഞ്ഞ വർഷം കേരളോത്സവം സംഘടിപ്പിച്ചിട്ടില്ലെന്നും കൂടുതൽ യുവജന പങ്കാളിത്തത്തോടു കൂടിയും വിപുലമായും ഈ വർഷം കേരളോത്സവം സംഘടിപ്പിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും, അതിനായി, കഴിഞ്ഞ വർഷം അനുവദിച്ച തുക കാലാനുസൃതമായി വർദ്ധിപ്പിച്ച് കേരളോത്സവം 2019ന്റെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കാൻ അനുവാദം നൽകണമെന്ന് കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം 2 കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2ലെ കത്തിൽ നിർദ്ദേശിച്ച പ്രകാരം, 2019ലെ കേരളോത്സവത്തിന്റെ നടത്തിപ്പിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി തുക പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

| | |
|---|---|
| ഗ്രാമ പഞ്ചായത്തുകൾ | ; 1,00,000/- രൂപ |
| ബ്ലോക്ക്പഞ്ചായത്തുകൾ | ; 1,50,000/-രൂപ |
| ജില്ലാ പഞ്ചായത്തുകൾ | ; 4,00,000/- രൂപ |
| മുനിസിപ്പാലിറ്റി | ; 1,50,000/- രൂപ |
| കോർപറേഷനുകൾ | ; 2,00,000/-രൂപ |

3. ഇങ്ങനെ ധനവിനിയോഗം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനവിനിയോഗം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും കർശനമായി പാലിച്ചിരിക്കേണ്ടതും 2019 കേരളോത്സവം ഇനത്തിലുണ്ടാകുന്ന വരവ് ചെലവ് കണക്കുകളുടെ കൗൺസിൽ/കമ്മിറ്റി അംഗീകരിച്ച പ്രസ്താവനകളും ധനവിനിയോഗ സാക്ഷ്യപത്രവും കേരള സംസ്ഥാന യുവജന

ക്ഷേമബോർഡിന് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജന ക്ഷേമബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് ഭവൻ,

ദൂരദർശൻ കേന്ദ്രത്തിനു സമീപം, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം/കൊച്ചി/കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

സ്പോർട്ട്സ് & യുവജനക്ഷേമവകുപ്പ്

ധനകാര്യ (എസ്.എഫ്.സി) വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ